**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 528** **10-07-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ രോഗപ്രതിരോധ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥാ വ്യതിയാനങ്ങളും ആവാസവ്യവസ്ഥയിലെ മാറ്റങ്ങളും വന്യമൃഗങ്ങളുടെ ആഹാര ദൗർലഭ്യവും അവയുടെ രോഗപ്രതിരോധശേഷി കുറയുന്നതിന് കാരണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കാലാവസ്ഥാ വ്യതിയാനങ്ങളും ആവാസ വ്യവസ്ഥയിലെ മാറ്റങ്ങളും വന്യമൃഗങ്ങളുടെ ആഹാരലഭ്യതയും തന്മൂലം അവയുടെ രോഗപ്രതിരോധ ശേഷിയും കുറയുന്നതിന് കാരണമാകാവുന്നതാണ്. വന്യജീവികൾക്ക് ജലലഭ്യതയ്ക്കായി നിലവിലുള്ള ചെറുതടയണകളും, ചെക്ക് ഡാമുകളും (1434 എണ്ണം), വയലുകളും (574 എണ്ണം), ബ്രഷ്‌വുഡ് തടയണകളും, ചെറുകുളങ്ങളും ചെളി നീക്കി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. വയലുകളുടെയും നീർച്ചാലുകളുടെയും നവീകരണവും നടത്തി സംരക്ഷിച്ച് വരുന്നുണ്ട്. മണ്ണ്-ജല സംരക്ഷണത്തിനായി അനുയോജ്യമായ ഇടങ്ങളിൽ ഗള്ളിപ്ലഗിങ് എന്നിവയും നടത്തിവരുന്നു. വനത്തിനുള്ളിൽ വന്യജീവികൾക്ക് ആഹാരലഭ്യത ഉറപ്പ് വരുത്തുന്നതിനായി വൈദേശിക സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവും നടത്തിവരുന്നു. ശുഷ്ക വന മേഖലകളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശയിനം സസ്യങ്ങൾ വച്ചുപിടിപ്പിച്ചാണ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നത്.<br>കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി നബാർഡ്/ ആർ.കെ.ഡി.പി പദ്ധതികളിൽ ഉൾപ്പെ- |

| | | | |
|---|---|---|---|
| | | | ടുത്തി 5585.57 ഹെക്ടർ സ്ഥലത്ത് വിവിധ സർക്കിളുകളിലായി മേൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, മാവ്, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ സസ്യങ്ങൾ 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനൊടകം തന്നെ വച്ച് പിടിപ്പിച്ചിട്ടുണ്ട്. മേൽപ്രവൃത്തികൾ മൂലം വനാന്തരങ്ങളിൽ ആഹാരദൗർലഭ്യവും, ജലദൗർലഭ്യവും പരമാവധി ഒഴിവാക്കാൻ കഴിയുന്നുണ്ട്. |
| (ബി) | കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ ചരിഞ്ഞ 678 ആനകളിൽ 275 എണ്ണം അഞ്ച് വയസ്സിന് താഴെയുള്ളവയാണെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വനം സർക്കിളുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ മരണപ്പെട്ട ആനകളിൽ 251 എണ്ണം അഞ്ചു വയസ്സിനു താഴെ പ്രായമുള്ളവയാണ്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള പട്ടിക അനുബന്ധം -1 ആയി ചേർക്കുന്നു |
| (സി) | കാട്ടാനകളെയും നാട്ടാനകളെയും ഒരുപോലെ ബാധിക്കുന്ന ഹെർപ്പസ് വൈറസുകൾ വിവിധ കാരണങ്ങളാൽ ആനകളുടെ മരണത്തിന് കാരണമാകുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | വനപ്രദേശങ്ങളിൽ മേഞ്ഞുനടക്കുന്ന കാട്ടാനകളിൽ ഹെർപ്പസ് വൈറസിന്റെ സാന്നിദ്ധ്യം കണ്ടു വരാറുണ്ട്. ഹെർപ്പസ് വൈറസുകൾ കാട്ടാനകളുടേയും നാട്ടാനകളുടേയും മരണത്തിന് കാരണമാകാറുണ്ട്. വനം സർക്കിളുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 26 ആനകൾ ഹെർപ്പസ് വൈറസ് മൂലം മരണപ്പെട്ടിട്ടുണ്ട്. ഹെർപ്പസ് വൈറസ് മൂലം മരണപ്പെട്ട ആനകളുടെ സർക്കിൾ തിരിച്ചുള്ള എണ്ണം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | കാട്ടിനുള്ളിലെ ആഹാര ദൗർലഭ്യം പരിഹരിച്ച് വന്യമൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി പശ്ചിമഘട്ട മലനിരകളിലെ സ്വാഭാവിക ജൈവവൈവിധ്യം നിലനിർത്തുന്നതിന് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതും ജൈവ വൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നതുമായ വൈദേശിക സസ്യങ്ങളെ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളാക്കി മാറ്റി സുസ്ഥിര പരിസ്ഥിതി ഉറപ്പുവരുത്തുന്നതിനായി 17.12.2021 തീയതിയിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിസ്ഥിതി നയരേഖ പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ടി പദ്ധതി പ്രകാരം വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ വൈവിദ്ധ്യ സംരക്ഷണം ഉറപ്പ വരുത്തുന്നതിനുമായി വാറ്റിൽ, യൂക്കാലിപ്റ്റസ് തുടങ്ങിയ വൈദേശിക സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് 31.50 ഹെക്ടർ സ്വാഭാവിക പുൽമേട്ടകളും ഷോല വനങ്ങളും പുനഃസ്ഥാപനം ചെയ്തിട്ടുണ്ട്. മൂന്നാർ വന്യജീവി ഡിവിഷനിലെ |

| | | | |
|---|---|---|---|
| | | | പാമ്പാട്ടുംഷോല ദേശീയോദ്യാനത്തിൽ 320 ഹെക്ടർ വാറ്റിൽ പ്ലാന്റേഷൻ നിർമ്മാർജനം ചെയ്ത് പരിസ്ഥിതി പുന:സ്ഥാപനം ചെയ്യുന്നതിന് നബാർഡ് പദ്ധതിയിൽപ്പെടുത്തി 2024-25 ൽ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ വഴി കാട്ടിനുള്ളിലെ ആഹാര ദൗർലഭ്യം പരിഹരിക്കുന്നതിന് കഴിയുന്നുണ്ട്.<br>കൂടാതെ, വന്യജീവികൾക്ക് ജല ലഭ്യതയ്ക്കായി നിലവിലുള്ള ചെറുതടയണകളും, ബ്രഷ്‌വുഡ് തടയണകളും ചെറുകുളങ്ങളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തിയും എക്കൽ നീക്കം ചെയ്തും സംരക്ഷിച്ച് വരുന്നുണ്ട്. വനത്തിനകത്തെ ജല ലഭ്യത പരിശോധിച്ച് ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ തടയണകൾ, കുളങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. മണ്ണ്, ജല സംരക്ഷണത്തിനായി അനുയോജ്യമായ ഇടങ്ങളിൽ ഗള്ളിപ്ലഗിങ് എന്നിവയും ഫണ്ട് ലഭ്യതക്കനുസരിച്ച് നടത്തിവരുന്നു. വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ (1434 എണ്ണം), വയലുകൾ (574 എണ്ണം), തുടങ്ങിയ ജലസ്രോതസ്സുകളിൽ 308 എണ്ണത്തിൽ, അധികമായി അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ശക്തമായ വന സംരക്ഷണ പ്രവർത്തനങ്ങളിലൂടെയും ഫലപ്രദമായ അഗ്നിപ്രതിരോധ പ്രവർത്തനങ്ങളിലൂടെയും വനങ്ങളെ ഏറെക്കുറെ കാട്ടുതീ രഹിതമാക്കി നിലനിർത്തുന്നത് വഴിയും പ്ലാസ്റ്റിക്, പ്ലാസ്റ്റിക്കേതര മാലിന്യങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വഴിയും ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം –1**</u>

| ക്രമ നം. | സർക്കിൾ | എണ്ണം |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 15 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 38 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 58 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 37 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 28 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 7 |
| 7 | വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | 26 |
| 8 | വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 42 |
| | **ആകെ** | **251** |

**<u>അനുബന്ധം -2</u>**

| ക്രമ നം. | സർക്കിൾ | എണ്ണം |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 2 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 9 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 1 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 2 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 2 |
| 7 | വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | 2 |
| 8 | വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 7 |
| | **ആകെ** | **26** |